# GLPS
# PERUMBATHOOR



## SCHOOL ACADEMIC
## MASTER PLAN

# ജി.എൽ.പി.എസ്
# പെരുമ്പത്തൂർ.

മലപ്പുറം ജില്ലയിലെ വണ്ടൂർ വിദ്യാഭ്യാസ ജില്ലയിലെ നിലമ്പൂർ ഉപജില്ലയിൽ പെരുമ്പത്തൂർ എന്ന നയന മനോഹര ഗ്രാമത്തിലാണ് ഈ ഗവൺമെന്റ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. 199 ലാണ് സ്കൂൾ സ്ഥാപിതമായത്

വിവിധ ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും പി.ടി.എ ഭാരവാഹികളുടെയും വിവിധ കാലഘട്ടങ്ങളിലായി സേവനമനുഷ്ഠിച്ച പ്രധാനാധ്യാപകരുടെയും കഠിന പരിശ്രമഫലമായി സമീപ പ്രദേശങ്ങളിലെ മറ്റൊരു വിദ്യാലയത്തെയും പിന്നിലാക്കുന്ന തരത്തിലുള്ള ഭൗതിക സൗകര്യങ്ങളാണ് നമ്മുടെ വിദ്യാലയത്തിൽ ഒരുക്കിക്കൊണ്ടിരിക്കുന്നത്.

തുടർന്നും മികവിന്റെ പാതയിൽ മുന്നേറാൻ ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചു കൊണ്ട്.

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയവും. എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രോജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് G.L.P.S പെരുവണ്ണൂർ. പൊതു സമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്ന് കൊണ്ടിരിക്കുവാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്ത് പകരാൻ ഏറെ സഹായകരമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്.

ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ...

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുന്നു.
* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് വശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.
* ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
* സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവൽക്കരിക്കും.
* ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻനിർണ്ണി ലിസ്റ്റാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത PTA കോർണർ P.T.A എന്നിവ ചേരും.

* ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സമ്പ്രാപ്തിക്കായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ SRG യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

* 'വിദ്യാലയം ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവു നിർമ്മാണങ്ങളുടേതായി വിദ്യാലയ പരിസരം മാറ്റും.

* ആശയ ബോധനങ്ങളെ വർധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും

→ I.C.T സാധ്യതകൾ പ്രയോജനപ്പെടുത്തൽ

* വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

പ്രവൃത്തി പരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക
* പാഠ്യപദ്ധതിയിൽ നിന്ന് പഠനോപകരണങ്ങൾ പ്രയോജനപ്രദമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
* ഇതരവിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയം നിരന്തരം ബന്ധിപ്പിക്കുക.

കലാപരിശീലനം

* കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
* കലാഭിരുചി വളർത്തുക.
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഉൾക്കൊള്ളിക്കണം.

* ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
* ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തൽ.

## സാമൂഹികാവബോധം

* ജനാധിപത്യവേദികൾ ഒരുക്കുക
* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഇടം വിദ്യാർത്ഥി തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
* ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.

## ഗണിതം

* അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
* ആധുനിക ഗണിത സാങ്കേതിക വിദ്യകൾ പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* ഗണിത ചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* ഇംഗ്ലീഷിൽ ആവിഷ്കാരത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകുക.
* സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക
* ആശയവിനിമയ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ട്ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* ക്ലാസ്സിലെ വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസരപഠനം

* ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
* ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക.

* ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
* ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ
* ഹരിതസേന രൂപീകരിക്കൽ.
* വിദ്യാലയം ഹൈടെക് ആക്കി മാറ്റുക

## ലക്ഷ്യങ്ങൾ

### ഭാഷാവികസനം

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്നതരത്തിലുള്ള ഭാഷാവിനിമയശേഷി നേടിയെന്നുറപ്പുവരുത്തുക
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
* സർഗാത്മക രചനയ്ക്കുള്ള അവസരം നൽകുക.
* മികച്ച വായനാശീലം വളർത്തുക.
* ഭാഷാശേഷി വികസനത്തിനായി ആധുനിക- വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക.

## (1) ആരോഗ്യ കായിക വിദ്യാഭ്യാസം

* മനസ്സിന്റെ കേളി കുട്ടികളുടെ വൈവിധ്യപ്പെടുത്തി അവരെ ഉയർന്ന ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
* ആരോഗ്യ ശീലങ്ങൾ വളർത്തുക.
* ക്യാമ്പസിനെ മാലിന്യമുക്തമാക്കുക. ഹരിതാഭമാക്കുക.
* ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകുക.

## (1) അറബിക്

* എല്ലാ കുട്ടികളെയും അക്ഷരങ്ങൾ ഉൾക്കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
* കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷാ പഠനങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിലൊരുക്കുക.
* ഭാഷാപഠനത്തിൽ IT യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുന്നു.

| Name of the activities | Aim | Activities | Duration | Duties |
| --- | --- | --- | --- | --- |
| English Diary | To improve english writing skills | write English diaries once in a week including their school and house experiences | June to march | class teacher |
| Book Review | To improve english writing skills. | Prepare book reviews | | |
| English Day | To Provide opportunities for English requirements | celebrate English Day one in a week | June to march | English club class teacher |

| | Name of the activities | Aim | Activities | Duration | Duties | |
|---|---|---|---|---|---|---|
| 3 | English Bulletin | Give opportunities for english requirements | * Prepare 'English bulletin' related to day celebrations<br><br>→ June - Environment Day<br>→ July - Moon Day<br>→ August - Independence Day<br>→ September - Onam<br>→ October - Gandhi jayanti<br>→ November - Keralapiravi<br>→ December - Christmas<br>→ January - New year<br>→ February - Science Day<br>→ March - Womens Day. | June to March | English club<br><br>class leader | |

| | Name of the activities | Aim | Activities | Duration | Duties |
|---|---|---|---|---|---|
| 1 | English Time | To Provide opportunities for English needs | Give half an hour in every day to develop Communication skills. Prepare variety activities like games Conversation, quiz, self introduction Speech, Action song, Hello English activities etc | June to March | English club class teachers |
| 2 | English Assembly | To Provide opportunity for English skills. | Conduct English assemblies at the class level one in a month | Monthly June to March | English club, class teacher |

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
| --- | --- | --- | --- | --- | --- |
| സ്കൂൾ ലൈബ്രറി | മികച്ച വായനശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിക്കുന്നു | ജൂൺ മാർച്ച് | PTA SMC HM | 5000 |
| ലേഖനം | | | | | |
| രചനാ പരിചയം | ആശയങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക. | പഠനപ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ രചനകളിൽ ഏർപ്പെടുന്നു | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |
| സംയുക്ത ഡയറി സർഗാത്മക ഡയറി | സ്വന്തമായ രചനകളിൽ ഏർപ്പെടുന്നു. | അമ്മയും കുഞ്ഞും ചേർന്നുള്ള സംയുക്ത ഡയറി എഴുതാനും സർഗാത്മക രചനയിൽ ഏർപ്പെടുന്നു. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| വായന<br>പുസ്തകം<br>എന്റെ ചങ്ങാതി<br>കുഞ്ഞുവായന | * കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | ക്ലാസ് ലൈബ്രറി<br>പുസ്തക പരിചയം<br>ലഘുവിവരണം.<br>റിവ്യൂസ് നിരൂപണം | ആഴ്ചയിൽ ഒരു പുസ്തകം | | 1000 |
| → എന്റെ പിറന്നാൾ പുസ്തകം | മികച്ച വായനശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു.<br>പിറന്നാൾ പുസ്തകം പരിചയപ്പെടുത്തുക<br>പുസ്തക ശേഖരണം | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ | |
| → [illegible]<br>വായന | വാർത്താപത്രങ്ങളായി വായിക്കുന്നതിനുള്ള ശേഷി വളർത്തൽ. | പത്രവായന.<br>[ഒരു വാർത്ത] എല്ലാ ദിവസവും വായന | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ | |
| → വായനക്കൂട്ടം | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറിയിലും പ്രത്യേകം വായന കോർണർ | മികച്ച വായനക്കാരെ കണ്ടെത്തുന്നതിനായി വായന കോർണർ സജ്ജീകരിക്കുന്നു. | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | കാലം | ചുമതല |
|---|---|---|---|---|
| എന്റെ വായന കുറിപ്പുകൾ | എല്ലാ കുട്ടികളെയും സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ച് വായനക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ |
| ക്ലാസിലെ പതിപ്പുകൾ | വിഷയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ, ക്ലാസിലെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പതിപ്പുകൾ തയ്യാറാക്കൽ. കവിതകളെ ഉൾക്കൊള്ളിച്ച് ദിനാഘോഷങ്ങളുടെ ഭാഗമായി വിവിധ രചനകൾ തയ്യാറാക്കുന്നു. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ |

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 ലോക ഭാഷ അറബി ഭാഷ | അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | * ലൈബ്രറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക.<br>* മുന്നറിവ് പരിശോധിക്കുക.<br>* അക്ഷരങ്ങൾ ഉറപ്പിക്കൽ<br>* വാചകങ്ങൾ നിർമ്മിക്കൽ<br>* ഭാഷാ കേളികൾ | രണ്ട് മാസം | അറബിക് ടീച്ചർ |
| 2 അറബി വായനോത്സവം | കുട്ടികളെ ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന ശേഷികൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക. | * വായന മത്സരം<br>* ക്ലാസ് ലൈബ്രറി<br>* സ്കൂൾ ലൈബ്രറി<br>* വായന കുറിപ്പുകൾ<br>* അറബിക് പത്രവായന | ജൂൺ മാർച്ച് | അറബിക് ടീച്ചർ |
| 3 അറബി ബാലോത്സവം | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിന് സ്വയം സാഹചര്യം ഒരുക്കുക. | * പതിപ്പ് നിർമ്മാണം<br>* വായന കുറിപ്പ് ശേഖരണം<br>* ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>* ഭാഷാ കേളികൾ | ജൂൺ മാർച്ച് | അറബിക് ചുമതല |

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- | --- |
| കായികാരോഗ്യം | മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഉന്നത ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | PT Period-ൽ Physical exercise, games skipping, shuttle e.t.c | June March | class Teacher | 2000 |
| ഡെന്റൽ check-up | എല്ലാ കുട്ടികൾക്കും കായികാരോഗ്യം ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ദന്തശുചിത്വം ഉറപ്പുവരുത്തുന്നതിനായി ഡെന്റൽ ചെക്ക്-അപ്പ്. | | PTA | 3000 |

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- | --- |
| രചനോത്സവം | സ്വതന്ത്ര രചനയിൽ ഏർപ്പെടുന്നു | പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് മുറികളിൽ തയ്യാറാക്കിയ വിവിധ രചനകളുടെ പ്രദർശനം | March | H.M class teacher |

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|---|
| സർഗവേദി | കലാഭിരുചി വളർത്തുക [കുട്ടികളുടെ സർഗാത്മക കഴിവുകൾ] | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ വേദി നടത്തൽ നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | SRG | |
| ടാലന്റ് ക്യാമ്പുകൾ | ഓരോ കുട്ടിയും ഉന്നതനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം, ചിത്രരചന | എല്ലാ മാസവും | SRG PTA | 3000 |
| പ്രകാശന വേദികൾ | ഓരോ കുട്ടിയുടെയും സർഗ്ഗാത്മകമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ School Facebook വഴി സമൂഹവുമായി പങ്കുവെക്കുക | June March | SRG | |

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചിലവ് |
|---|---|---|---|---|
| പ്രവൃത്തി പരിചയ ശില്പശാല | നിർമ്മാണത്തിനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുക. | September | |
| കുട നിർമ്മാണം | നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കുക. | രണ്ടാം ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള കുടനിർമ്മാണ പരിശീലനം നൽകുക. ഞങ്ങളിലൂടെ മറ്റുകുട്ടികൾക്കും പരിശീലനം നടത്തുക. | | |
| കരകൗശല പരിശീലനം | ഇത്തരം വിവിധ ആശയങ്ങളുമായി പ്രവൃത്തി പരിചയ സ്വഭാവത്തെ ബന്ധിപ്പിക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ടും ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | | |

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയിൽ പരിശീലനം. | വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ സ്വയം പ്രവർത്തനങ്ങളിൽ പങ്കാളികളാവൽ | ഒരോ മാസവും | PSICT | |
| IT ലാബ് | കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ICT പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ ടീച്ചറുടെ സാന്നിധ്യത്തിൽ ഉറപ്പാക്കൽ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ Computer-ൽ ചെയ്തു പഠിക്കാൻ അവസരം നൽകൽ. | June to March | PSICT class teacher | |

| | | | | |
|---|---|---|---|---|
| സാമൂഹ്യ അവബോധം വളർത്തൽ | ചർച്ചകൾ, സംവാദം, അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി പ്രമുഖരായ വ്യക്തികളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ സംവാദങ്ങൾ ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസവും | ക്ലാസ് ടീച്ചർ |
| നാട്ടറിവ് | നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായ അറിവിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SS ക |
| ഫീൽഡ് ട്രിപ്പ് | സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളെ പരിചയപ്പെടുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, കൃഷിഭവൻ തുടങ്ങിയവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനോപകരണ നിർമ്മാണ ശില്പശാല | ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | സയൻസ് ടീച്ചർ |
| ശാസ്ത്ര അവബോധം വളർത്തൽ | ശാസ്ത്ര പഠന താൽപര്യം വളർത്തുക, ശാസ്ത്ര അവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യപ്പെടേണ്ടതിന്റെ പ്രാധാന്യം മനസിലാക്കുന്നതിന് പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | സയൻസ് ടീച്ചർ |
| പരീക്ഷണ കിറ്റ്. | ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചയ്ക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് | 3, 4 ക്ലാസിലെ കുട്ടികൾക്ക് ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിക്കുന്നു. | ജൂൺ- മാർച്ച് | സയൻസ് ടീച്ചർ. |

| | | | | | |
|---|---|---|---|---|---|
| യൂണിറ്റ് വിലയിരുത്തൽ | ഓരോ യൂണിറ്റിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പഠനനേട്ടം ഉറപ്പുവരുത്തുന്നു. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | ഗണിതം |
| PTA രക്ഷിതാക്കളെ | ഓരോ ക്ലാസിലും കുട്ടികളുടെ വിജയം ഗണിതശേഷി ബോധ്യപ്പെടുത്തൽ | ഓരോ ക്ലാസിലും ഗണിത പഠനത്തിലെ HW പ്രവർത്തനങ്ങളും പ്രയാസവും രക്ഷിതാക്കൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു | ഓരോ മാസവും | ക്ലാസ് ടീച്ചർ | |
| ഗണിതം മധുരം | അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പരി (1) പോഷണം ചെയ്യൽ. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |

ഗണിതം

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിഭവ സമാഹരണം |
| --- | --- | --- | --- | --- | --- |
| ഗണിത വർക്ക്ഷീറ്റ് | പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും നേടിയെടുക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം | SSG | 4000 |
| ഗണിത ക്ലബ്ബ് കൾ | അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പിക്കുക. | കുട്ടികൾക്ക് സ്വന്തമായി നടപ്പാക്കാൻ സഹായകമായ തരത്തിൽ ഗണിത കളികൾ | 2025 2026 | ക്ലാസ് ടീച്ചർ | 2000 |
| ഗണിതകേളി | അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | ക്ലാസ്സുകളിൽ ഗണിതമൂലകൾ (കളിക്കാനുള്ള മഞ്ചാടി, കളിനോട്ട്, കാർഡുകൾ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |